അധ്യായം 12

# മണിയാങ്ങാട്ടുകുന്നുംപുറത്തു മാത്യു



എം. കെ. മാത്യു കുന്നുംപുറത്ത്

മണിയങ്ങാട്ടു നിരപ്പേൽ താമസിച്ചിരുന്ന കുര്യൻ-മറിയം ദമ്പതികളുടെ ഇളയ മകൻ മാത്യു ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയത് മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിലായിരുന്നു. സ്കൂളിലെ വോളിബോൾ ടീമിലും ഷോട്ട് പുട്ടു ടീമിലും മികച്ചതാരമായിരുന്നു മാത്യു. വിദ്യാഭ്യാസാന്തരം വെള്ളിയേപ്പള്ളിലെ പ്രസിദ്ധ വൈദ്യകുടുംബമായ പനയ്ക്കലെ ഔസേപ്പുവൈദ്യന്റെയും മറിയത്തിന്റെയും മകൾ അച്ചാമ്മയെ മാത്യു സ്വകുടുംബിനിയാക്കി. കുര്യൻ എന്ന പേരിൽ ഒരു കുട്ടിജനിച്ച് അധികകാലം കഴിയും മുമ്പ് അച്ചാമ്മ അകാല ചരമം മടഞ്ഞു കുര്യൻ (ഉണ്ണി) എന്നു പേരായ ആ കുട്ടി പിതൃഗൃഹത്തിൽ വളർന്നു.

കുന്നുപുറത്തു കുര്യൻ മാത്യു ഉരുളികുന്നംപള്ളി ഇടവക പടിഞ്ഞേറേമുറിയിൽ തോമസ്-ത്രേസ്യാമ്മ മകൾ റോസമ്മയെ പുനർവിവാഹം ചെയ്തു. ഈ രണ്ടാം വിവാഹത്തിൽ ലൂക്കോസ്, ഗ്രേസി, വത്സമ്മ, തോമസ്, മാത്യു, ജോസ്, പോൾ, എമ്മാനുവേൽ, ഷൈനി എന്നിങ്ങനെ ഒൻപതു മക്കൾ ജനിച്ചു.

ആദ്യം വാകമല സ്കൂളിനടുത്തുള്ള തലവയലിൽപുരയിടത്തിലേക്ക് ഈ കുടുംബം താമസം മാറ്റി. പിന്നീട് യാത്രാ സൗകര്യം ലാക്കാക്കി ഇടമുളയിൽ ആയല്ലൂർ പുരയിടത്തിൽ താമസമാക്കി.

അവിടെ വച്ച് 1995 സെപ്റ്റംബർ 21-ാം തീയതി 76-ാമത്തെ വയസ്സിൽ പിതാവു മാത്യു ചരമം പ്രാപിച്ചു.




മണിയങ്ങാട്ട് ഉണ്ണിയുടെ കുടുംബം

മാത്യു-അച്ചാമ്മ ദമ്പതികളുടെ ഏകപുത്രൻ കുര്യൻ (ഉണ്ണി) ചങ്ങാനാശ്ശേരി കോളേജിൽ പഠിച്ച് ഡിഗ്രി സമ്പാദിച്ചശേഷം പന്തത്തല പരുന്തിരിക്കൽ അവിരാ മറിയാമ്മ മകൾ ഏലിക്കുട്ടിയെ (ആലീസ്) ജീവിതപങ്കാളിയാക്കി. ഈ ദമ്പതികൾക്ക് അനിൽ, സുനിൽ, സെൽവിൻ എന്നുമൂന്നു പുത്രന്മാരും റിയാ എന്നൊരു പുത്രിയും ജനിച്ചു. ഈ കുടുംബം പൂവത്തിളപ്പിൽ വാതൽക്കാട്ടു പുരയിടത്തിൽ താമസിച്ചു.

ഇവരുടെ മൂത്തമകൻ അനിൽ ബി.എസ്സി. നേഴ്സിംഗ് പാസായശേഷം ഡൽഹിയിൽ ആൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിയിൽ പ്രവേശിച്ചു. 2001 മെയ് 27-ാം തീയതി ഏറ്റുമാനൂർ ചകിരിയാംതടത്തിൽ ജോസഫ് ത്രേസ്യാമ്മ മകൾ ജോൺസിയെ അനിൽ മന്ത്രകോടിയണിയിച്ചു. ആൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തന്നെ ജീവനക്കാരിയായിരുന്ന ജോൺസി. അനിൽ-ജോൺസി ദമ്പതികൾക്ക് മെൽവിൻ, ഇമ്മാനുവൽ എന്നീ പുത്രന്മാരുണ്ട്. അനിൽ ഇപ്പോൾ കുവൈറ്റ് ഗവൺമെന്റ് വക മെഡിക്കൽ സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നത്.

രണ്ടാമത്തെ മകൻ സുനിൽ ബി.കോം. പാസ്സായശേഷം പാലാ സെന്റ് തോമസ് കോളേജ് ആഫീസിൽ ക്ലാർക്കായി ജോലിയിലിരിക്കുന്നു.



ഉണ്ണിയുടെ മകൻ സെൽവിൻ

മൂന്നാമത്തെ മകൻ സെൽവിൻ ബി.കോം. പരീക്ഷയും കമ്പ്യൂട്ടർ ഡിപ്ലോമയും പാസ്സായശേഷം ഡൽഹിയിൽ കമ്പ്യൂട്ടർ അക്കൗണ്ടന്റായി ജോലി ചെയ്തുവരവെ, 2001 ഒക്ടോബർ 13-ാം തീയതി 23-ാമത്തെ വയസ്സിൽ അന്ത്യശ്വാസം വലിച്ചു.

കുര്യൻ-ആലീസ് ദമ്പതികളുടെ ഇളയ സന്താനമായ റിയാ പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് എം.എ.സ്സിയും, സെറ്റും പാസ്സായി വീട്ടിൽ കഴിയുന്നു.



മണിയങ്ങാട്ട് ലൂക്കാച്ചനും കുടുംബവും

മാത്യു-റോസമ്മ ദമ്പതികളുടെ മൂത്തമകൻ ലൂക്കോസ് സ്പോർട്ട്സ് മെരിറ്റിൽ സ്കോളർഷിപ്പു നേടി കോഴിക്കോട്ടു ദേവഗിരി കോളേജിൽ നിന്ന് ബി.എസ്സി കരസ്ഥമാക്കി കെ.എസ്.ഇ.ബി.യിൽ സീനിയർ സൂപ്രണ്ടായി ജോലി ചെയ്യുന്നു. ഭരണങ്ങാനം സ്വദേശിനി കുറ്റനാൽ വീട്ടിൽ ഫ്രാൻസീസ് റോസമ്മ മകൾ ത്രേസ്യാമ്മയാണ് ലൂക്കോസിന്റെ സഹധർമ്മിണി. സ്പോർട്ട്സ് താരമായ ത്രേസ്യാമ്മയും അതേഡിപ്പാർട്ടുമെന്റിൽ തന്നെ ജോലിചെയ്യുന്നു. ഈ കായികതാരമിഥുനങ്ങൾക്ക് റോഷൻ എന്നൊരു പുത്രിയും ജിമ്മിച്ചൻ എന്നൊരു പുത്രനും ഉണ്ട്. ഈ കുടുംബം ഇടമുളയിലെ ആയല്ലൂർ വീട്ടിൽ താമസിക്കുന്നു.

മാത്യു-റോസമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ ഗ്രേസിയെ ചേനപ്പാടി കരിയനാട്ടു ബേബിച്ചന്റെ പുത്രൻ അബ്രാഹം (കുഞ്ഞുഞ്ഞുകുട്ടി) വിവാഹം ചെയ്തു. ഈ ദമ്പതികളുടെ മൂത്തമകൻ രാജേഷ് P.W.D. കോൺട്രക്ടറായി പ്രവർത്തിക്കുന്നു. രണ്ടാമത്തെ മകൻ സന്തോഷ് ബി.എ; എൽ.എൽ.ബി. പാസ്സായശേഷം കോട്ടയം കോടതി അഭിഭാഷകനായി വ്യവഹരിക്കുന്നു. മൂന്നാമത്തെ പുത്രൻ രതീഷ് MP.Ed പാസായശേഷം കാഞ്ഞിരപ്പള്ളി സ്കൂളിൽ ജോലി ചെയ്യുന്നു.

മാത്യു-റോസമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ വത്സമ്മയെ പള്ളിക്കത്തോട്ട് വെള്ളാപ്പള്ളിൽ ജോസഫ്-റോസമ്മ മകൻ വർഗീസ് (അപ്പച്ചൻ) വിവാഹം കഴിച്ചു. വർഗീസ് മലപ്പുറം കോട്ടപ്പുറം ഗവ. ഹൈസ്കൂളിലും വത്സമ്മ കൊടകര ഹൈസ്കുളിലും പഠിപ്പിക്കുന്നു. ഈ ഹൈസ്കുൾ അധ്യാപക മിഥുനങ്ങൾക്ക് ഡിജോ, ഡോണൽ എന്ന രണ്ടു പുത്രന്മാരാണുള്ളത്.



മണിയങ്ങാട്ട് അഡ്വ. റ്റോമിച്ചനും കുടുംബാംഗങ്ങളും

മാത്യു-റോസമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ തോമസ് (റ്റോമിച്ചൻ) ബി.എ. എൽ.എൽ.ബി. പാസ്സായശേഷം കോട്ട യത്ത് അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നു. ഉരുളികുന്നം കളരി ക്കൽ തോമസ്-ഏലിക്കുട്ടി മകൾ ഫിലോമിനായാണ് അഡ്വ. റ്റോമി യുടെ ജീവിതപങ്കാളി. ബി.എഡ്കാരിയായ ഫിലോമിനാ അരുവി ത്തുറ ഹൈസ്കൂൾ അധ്യാപികയാണ്. ഈ ദമ്പതികൾക്ക് അലീനാ എന്നൊരു പുത്രിയും അലൻ എന്നൊരു പുത്രനും ഉണ്ട്. അഡ്വ. റ്റോമി അകലക്കുന്നം പഞ്ചായത്ത് മെമ്പാറായും സേവനം ചെയ്തി ട്ടുണ്ട്. ഈ കുടുംബം തലവയലിൽ താമസിക്കുന്നു.



**മണിയങ്ങാട്ട് മാത്തച്ചനും കുടുംബവും**

മാത്യു-റോസമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ മാത്യു (മാത്തച്ചൻ) ഫിസിക്കൽ എഡ്യുക്കേഷൻ ട്രയിനിംഗ് പൂർത്തി യാക്കിയശേഷം കോത്തല ഗവ. ഹൈസ്കൂളിൽ ഫിസിക്കൽ എഡ്യു ക്കേഷൻ റ്റീച്ചറായി ജോലിചെയ്യുന്നു. മുത്തോലി തലക്കുളത്തു കുടുംബാംഗമായ ആൻസിയാണ് സഹധർമ്മിണി. ഈ ദമ്പതികൾക്ക് ആൽവിൻ എന്നൊരു പുത്രനും റോസ് എന്ന പുത്രിയും ഉണ്ട്. മുണ്ടൻകുന്നിനു സമീപമാണ് ഈ കുടുംബം താമസിക്കുന്നത്.



മണിയങ്ങാട്ട് ജോയിച്ചനും കുടുംബവും

മാത്യു-റോസമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ ജോസഫ് (ജോയിച്ചൻ) തമ്പലക്കാട് തേക്കും തോട്ടത്തിൽ അപ്രേം അന്നമ്മ ദമ്പതികളുടെ ഏകപുത്രി ഏലി (ലിറ്റി)യെ പരിണയിച്ചു. ഈ ദമ്പതികൾക്ക് ലിന്റാ, ലിൻസി എന്നു രണ്ടു പുത്രിമാരും ലിജോ എന്ന പുത്രനുമാണുള്ളത്. ഈ കുടുംബം തലവയലിൽ തറവാട്ടിൽ താമസിക്കുന്നു.



മണിയങ്ങാട്ട് അഡ്വ. പോളും കുടുംബവും

മാത്യു-റോസമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ പോൾ (ബേബിച്ചൻ) ധനതത്വശാസ്ത്രത്തിലും നിയമത്തിലും ബിരുദംനേടിയശേഷം പാലാബാറിൽ അഭിഭാഷകനായി പ്രാക്ടീസുചെയ്യുന്നു. ഇതിനിടയ്ക്ക് പേഴ്സണൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം ആർജ്ജിച്ചിട്ടുണ്ട്. ഇദ്ദേഹം അഭിഭാഷകവൃത്തിക്കുപുറമേ, സ്പൈസസ് ബോർഡിന്റെ ഡെമോൺ സ്ട്രേഷൻ പ്ലോട്ടായി ശാസ്ത്രീയ രീതിയിൽ വാനിലാ കൃഷിയും നടത്തുന്നുണ്ട്.

അല്ലാപ്പാറ പുല്ലാന്തനാൽ ഫിലിപ്പ്-ത്രേസ്യാമ്മ മകൾ എൽസിയാണ് അഡ്വ.പോളിന്റെ ധർമ്മപത്നി. ഈ ദമ്പതികൾക്ക് സാവിയോ ലോട്ടസ്, റോമയോ എന്നിവരാണ് മക്കൾ. ഈ കുടുംബം ഇപ്പോൾ കാനഡായിലുള്ള ടൊറാന്റോയിൽ താമസിക്കുന്നു.



**മണിയങ്ങാട്ട് റോയിച്ചനും കുടുംബവും**

മാത്യു-റോസമ്മ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ എമ്മാനുവേൽ (റോയിച്ചൻ) ഫിസിക്കൾ എഡ്യുക്കേഷൻ ട്രയിനിംഗ് പാസ്സായി പത്തനാട് ഹൈസ്കൂളിൽ കായികാധ്യാപകനായി ജോലി ചെയ്യുന്നു. ചെങ്ങളം പള്ളി ഇടവക കുഴിക്കൊമ്പിൽ ജോസഫ്-റോസമ്മ മകൾ ബെറ്റിയാണ് റോയിച്ചന്റെ സഹധർമ്മിണി. ബെറ്റി

യുടെ പിതാവ് ജോസഫ് സാർ ഒരു വ്യാഴവട്ടക്കാലം ചെങ്ങളം സഹകരണബാങ്ക് പ്രസിഡന്റായിരുന്നു. ചെങ്ങളം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും ദീർഘകാലം സേവനം അനുഷ്ടിച്ചിട്ടുണ്ട്. റോയിച്ചൻ-ബെറ്റിദമ്പതികൾക്ക് പൊന്നു, മത്തായിച്ചൻ എന്നു രണ്ടുമക്കളാണുള്ളത്. ബെറ്റിയും പിതാവിന്റെ പാത പിൻതുടർന്ന് പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റായി സാമൂഹിക സേവനം നിർവഹിക്കുന്നു. ഈ കുടുംബം കല്ലൂർക്കുളം മഠത്തിന് സമീപത്തു സ്വഭവനത്തിൽ താമസിക്കുന്നു.

മാത്യു-റോമസമ്മ ദമ്പതികളുടെ ഒൻപാതാമത്തെ സന്താനമായ ഷൈനി കുത്രപ്പള്ളി പാലക്കുന്നേൽ ചെറിയാച്ചൻ-റോസമ്മ ദമ്പതികളുടെ ഇളയമകൻ ലൂയിച്ചന്റെ കുടുംബിനിയാണ് ഈ ദമ്പതികൾക്ക് ചെറിയാച്ചൻ, മത്തായിച്ചൻ, ദേവസ്യാച്ചൻ എന്ന മൂന്നു പുത്രന്മാരുണ്ട്.

